കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-2018, 2019 പ്രളയത്തിൽ വീട് തകർന്ന കേസുകളിൽ ലൈഫ് നിരക്ക പ്രകാരം ധനസഹായം നൽകുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം. 2225/2021/തസ്വഭവ തിരുവനന്തപുരം, തീയതി, 08/11/2021

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14/09/2021-ലെ 2.2(1)(3.13) നമ്പർ തീരുമാനം.

**ഉത്തരവ്**

2018, 2019 പ്രളയത്തിൽ വീട് തകർന്ന കുടുംബങ്ങൾക്ക് CMDRF/SDRF-ൽ നിന്ന് ധനസഹായം നൽകുന്നത് വീട്ട പൂർണ്ണമായി തകർന്നതോ(Fully damaged) വാസയോഗ്യമല്ലാതായതോ (severely damaged greater than 75%) ആയ വീടുകൾക്ക് 4.00 ലക്ഷം രൂപ എന്ന നിരക്കിലാണ്. വീടിന്റെ നാശനഷ്ടം കുറവാണ് എങ്കിൽ ആനുപാതികമായി ധനസഹായത്തിന്റെ നിരക്ക കുറയും. ചില സാഹചര്യങ്ങളിൽ കുറഞ്ഞ നിരക്കിൽ SDRF-ൽ നിന്നും ലഭിക്കുന്ന സഹായം കൊണ്ട് വീട് വാസയോഗ്യമാക്കാൻ കഴിയുന്നില്ല എന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇപ്രകാരം വീട് വാസയോഗ്യമാക്കാനാകാത്ത പ്രളയബാധിത കുടുംബങ്ങളെ ലൈഫ് പദ്ധതിക്ക് സമാനമായ സഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് വിഷയം കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ 10/02/2021, 14.9.2021 എന്നീ തീയതികളിൽ ചർച്ച ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ 14.9.2021-ലെ പരാമർശിത കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം ചുവടെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനത്തിന് SRDF-ൽ നിന്നും CMRDF-ൽ നിന്നും ലഭിക്കുന്ന തുക ചേർത്ത് ആകെ 4.00 ലക്ഷം രൂപ ലഭിക്കുന്ന സാഹചര്യത്തിൽ ഇത്തരം കുടുംബത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇനി വിഹിതം നൽകാവുന്നതല്ല. എന്നാൽ 60 മുതൽ 74 ശതമാനംവരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോരപ്രദേശവും)SRDF-ൽ നിന്നും CMRDF-ൽ നിന്നും ആകെ 2,50,000/-രൂപ ലഭിക്കുന്ന തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയാത്ത കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം പുതിയവീട്ട നിർമ്മിതിക്കായി ബാക്കിവരുന്ന തുക 1,50,000/- രൂപ വരെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശസ്ഥാപനത്തിൽ നിന്ന് പ്രത്യേക ധനസഹായം നൽകേണ്ടതില്ല. എന്നാൽ 2018, 2019 പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന് ഏതെങ്കിലും കേസുകളിൽ SDRF, CMDRF-ൽ നിന്നോ മറ്റ വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട്ടനിർമ്മാണത്തിനു ലൈഫ് നിരക്ക പ്രകാരം ധനസഹായം നൽകാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ. തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ
സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റമാരുടെ ചേംബർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ,/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Reena

സെക്ഷൻ ഓഫീസർ

പകർപ്പ്: -

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചിഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.